# 14-ാം കേരള നിയമ സഭ

## 15-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3694** 20.06.2019 **-ൽ മറുപടിയ്ക്ക്**

**സ്വാശ്രയ എം.ബി.ബി.എസ്. അഡ്മിഷൻ സംബന്ധിച്ച സുപ്രീംകോടതി വിധി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.സി.ജോസഫ്** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി** |
| (എ) സംസ്ഥാനത്ത് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിന്, മറ്റ് സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികൾക്കും അപേക്ഷിക്കുവാൻ അനുവാദം നൽകണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | റിട്ട് പെറ്റീഷൻ 380/2019 നമ്പർ കേസിൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് പുറത്തുള്ള വിദ്യാർത്ഥികൾക്കും സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എം.ബി.ബി.എസ് പ്രവേശനത്തിന് അപേക്ഷിക്കുന്നതിനുള്ള സൗകര്യം നൽകിയിരുന്നു. ഇപ്രകാരം അപേക്ഷിച്ചിട്ടുള്ളവർക്ക് അവരുടെ സ്ഥിരതാമസ സ്ഥലം കണക്കിലെടുക്കാതെ തന്നെ MBBS കോഴ്സിൽ പ്രവേശനം നൽകുന്നതിനായി NRI ക്വാട്ട ഒഴികെയുള്ള സീറ്റുകളിൽ നിന്നും 15% ശതമാനം സീറ്റുകൾ നീക്കി വച്ചുകൊണ്ട് സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) സുപ്രീംകോടതിയുടെ വിധി മൂലം സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനത്തിന് അവസരം കുറയുന്ന സാഹചര്യം സംജാതമായിട്ടുണ്ടോ;<br>(സി) പ്രസ്തുത വിധിക്കെതിരെ അപ്പീൽ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) യും (സി) യും | ബഹു. സുപ്രീംകോടതി യുടെ വിധി അനുസരിച്ച് സ്വാശ്രയ കോളേജുകളിലെ 15% സീറ്റ് ഇതര സംസ്ഥാനക്കാർക്ക് കൂടി നൽകേണ്ടതായി വരും. എന്നാൽ ഇത് സർക്കാർ കോളേജുകളിലെ All India Quota സീറ്റുകൾക്ക് സമാനമായ അവസ്ഥയാണ് സംജാതമാകുന്നത്. കാരണം, കേരളത്തിലെ കുട്ടികൾക്ക് മറ്റ സംസ്ഥാനങ്ങളിലെ സ്വാശ്രയ കോളേജുകളിൽ നിലവിൽ തന്നെ അഡ്മിഷൻ എടുക്കാൻ സാധിക്കുന്നുണ്ട്. മാത്രവുമല്ല, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്കക്കാർക്ക് 10% സംവരണം ഏർപ്പെടുത്തുന്നതിന്റെ |

(...2)

ഭാഗമായി 25% സീറ്റ് വർധനയാണ് സർക്കാർ കോളേജുകളിൽ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. ഇത് തദ്ദേശീയരായ വിദ്യാർത്ഥികൾക്ക് ഗുണകരമായി ഭവിക്കും. വിധിക്കെതിരെ അപ്പീൽ നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**